പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2258 — 04.11.2019 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണം

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ സീസണിൽ നെല്ല് സംഭരണം വൈകിയത് മൂലം കർഷകർ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നെല്ല് സംഭരണം വൈകുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണത്തിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള സ്വകാര്യ മില്ലുടമകളുടെ നിസ്സഹകരണമാണ് നെല്ല് സംഭരണം വൈകിയതിനുള്ള കാരണം. എന്നാൽ മില്ലുടമകളുമായിട്ടുള്ള തർക്കം പരിഹരിച്ച് കരാർ ഒപ്പുവെച്ച് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | കിലോഗ്രാമിന് എത്ര തുക വച്ചാണ് നെല്ല് സംഭരിക്കുന്നതെന്നും എത്ര ലക്ഷം ടൺ ആണ് ഈ സീസണിൽ സംഭരിക്കുവാൻ കഴിഞ്ഞതെന്നും വെളിപ്പെടുത്താമോ; | (സി) | കിലോഗ്രാമിന് 26.95 രൂപ നിരക്കിലാണ് ഈ സീസണിൽ നെല്ല് സംഭരിക്കുന്നത്. ഈ സീസണിൽ 28.10.19 വരെ 3995.421 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഡി) | നെല്ല് സംഭരിക്കുന്ന വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | നെല്ല് സംഭരിക്കുന്ന ഇനത്തിൽ കർഷകർക്ക് ലഭിക്കാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് പി.ആർ.എസ് വായ്പാപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ